## *2016 മേയ്, ജൂൺ, ജൂലായ് മാസങ്ങളിലേയ്ക്കുള്ള നാളികേരത്തിന്റെ വില പ്രവചനം*

### നാളികേരത്തിന്റെ വിലയിൽ വർദ്ധനവിനും നേരിയ ഇടിവിനും സാധ്യത

ചെറുകിട നാമമാത്ര കൃഷിയിടങ്ങളിൽ ആഗോള തലത്തിൽ കൃഷി ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട വിളകളിലൊന്നാണ് നാളികേരം 2014–15 കാലഘട്ടത്തിൽ ഇന്ത്യയിലെ 1.97 ദശലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ ഉല്പാദനം 14,067 ദശലക്ഷം നാളികേരമാണ്. ഇന്ത്യയിലെ നാളികേര ഉല്പാദനത്തിന്റെ 90 ശതമാനവും കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാ പ്രദേശ് എന്നീ നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നാണ്. കേരളത്തിലെ നാളികേരോൽപാദനം 2014–15ൽ 4896.61 ദശലക്ഷം തേങ്ങയായിരുന്നു. ഇപ്പോൾ അനുഭവപ്പെടുന്ന കനത്ത വരൾച്ച മൂലം ഇന്ത്യയിലെ നാളികേരോല്പാദനത്തിൽ 5 ശതമാനത്തോളം കുറവുണ്ടാകുമെന്ന് നാളികേര വികസന ബോർഡ് കണക്കാക്കിയിട്ടുണ്ടെങ്കിലും ഈ കാലയളവിൽ കേരളത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8.37 ശതമാനത്തിന്റെ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

2015–16ൽ നാളികേരത്തിന്റെയും നാളികേരോല്പന്നങ്ങളുടേയും കയറ്റുമതി 10.5 ശതമാനം വർദ്ധിച്ച് 1450.24 കോടി രൂപയിലെത്തി. മുൻ വർഷത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഉണക്കിയ തേങ്ങ, വെളിച്ചെണ്ണ, ഉത്തേജിത കാർബൺ എന്നിവയുടെ കയറ്റുമതിയിൽ യഥാക്രമം 63 ശതമാനത്തിന്റെയും 23 ശതമാനത്തിന്റെയും 13 ശതമാനത്തിന്റെയും വർദ്ധനവുണ്ടായി. തദ്ദേശീയ വിപണിയെ അപേക്ഷിച്ച് അന്താരാഷ്ട്ര വിപണിയിൽ നിലനിൽക്കുന്ന ഉയർന്ന വിലമൂലം 2016–17ൽ വെളിച്ചെണ്ണയുടെയും, ഉണക്കിയ തേങ്ങയുടെയും വെന്ത വെളിച്ചെണ്ണയുടേയും കയറ്റുമതി സാധ്യതകൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്.

നാളികേരത്തിന്റെ മുഖ്യ വിളവെടുപ്പുകാലം ജൂൺ മാസത്തിന്റെ അവസാനത്തോടെ കഴിയുമെങ്കിലും വിപണിയിലേക്കുള്ള നാളികേരത്തിന്റെ വരവ് പ്രധാനപ്പെട്ട വിപണികളിലെല്ലാം തന്നെ കുറഞ്ഞ് നിൽക്കുന്നു . വൻകിട ഉല്പാദകരും തദ്ദേശീയരായ മൊത്തക്കച്ചവടക്കാരും സംഭരണം കുറക്കുന്നതായും വിപണിയിൽ നിന്നും പിൻവലിഞ്ഞ് നിൽക്കുന്നതായും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. ഈ പ്രവണത ദീർഘകാലം നിലനിൽക്കാനുള്ള സാധ്യതയില്ലാത്തതിനാൽ ആവശ്യകതയിലുണ്ടാകുന്ന വർദ്ധനവനുസരിച്ച് നാളികേരത്തിന്റെ വിലയിലും വർദ്ധനവുണ്ടാകും. നാളികേരത്തിന്റെ കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ വിലയിൽ നടത്തിയ പഠനത്തിൽ നിന്നും സാധാരണ ഗതിയിൽ ഏപ്രിലിനെ അപേക്ഷിച്ച് മേയിൽ വില വർദ്ധിക്കാനും അതിനു ശേഷം ജൂൺ, ജൂലായ് മാസങ്ങളിൽ നേരിയ തോതിലുള്ള വിലയിടിവിനും സാധ്യതയുണ്ടെന്ന് കാണുന്നു. മില്ലിംഗ് കൊപ്രായ്ക്കും ഉണ്ടക്കൊപ്രായ്ക്കും യഥാക്രമം 5950 രൂപയും 6240 രൂപയും 2015–16ലെ താങ്ങുവിലയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. തന്മൂലം കേരളത്തിലെ നാളികേര വിലയിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വേണ്ടി നാളികേരം കൂടുതലായി ഉപയോഗിക്കുന്നതും, ഈ ഉല്പന്നങ്ങൾക്ക് വിദേശ വിപണികളിലുള്ള ആവശ്യകതയും, വർദ്ധിച്ചു വരുന്ന നീര ടാപ്പിംഗും, വേനൽ കാലത്ത് ഇളനീരിന് കൂടുതൽ ആവശ്യക്കാരുണ്ടാകുമെന്നതിനാലും വിപണിയിലേക്കുള്ള നാളികേരത്തിന്റെ വരവിൽ വരും മാസങ്ങളിലും കുറവുണ്ടാകും. ലഭ്യമായ നാളികേരം വ്യവസായ ആവശ്യങ്ങൾക്കായി വിറ്റഴിക്കപ്പെടുന്നതിനാലും കൊപ്രയുടെയും തേങ്ങയുടെയും മറ്റ് നാളികേര ഉല്പന്നങ്ങളുടെയും ആഭ്യന്തര-കയറ്റുമതി ആവശ്യകതയിൽ വർദ്ധനവുണ്ടാകുന്നതും മൂലം 2016 മേയിൽ വില വർദ്ധനവുണ്ടാകുമെന്ന് കരുതുന്നു.

നാളികേരത്തിന്റെ വിലയിൽ 2016 മേയിൽ വർദ്ധനവിനും അതിനു ശേഷം ജൂൺ, ജൂലായ് മാസങ്ങളിൽ നേരിയ തോതിലുള്ള ഇടിവിനും സാധ്യതയുണ്ടെന്ന് ഐ.സി.എ.ആർ നെറ്റ്വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ് വിലയിരുത്തുന്നു. ഭാഗികമായി പൊതിച്ച തേങ്ങയ്ക്ക് 2004 മുതലുള്ള 11 വർഷം ആലപ്പുഴ മാർക്കറ്റിൽ ലഭിച്ച പ്രതിമാസ വില ഇക്കണൊമെട്രിക് വിശകലനത്തിന് വിധേയമാക്കിയതി

ന്റെയും വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിലാണ് ഈ പ്രവചനം. മുകളിൽ വിവരിച്ച വിപണി സാഹചര്യങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഈ പ്രവചനമെന്നതിനാൽ കർഷകർക്ക് ഉല്പന്നം വില്ക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനങ്ങളെടുക്കാം.

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| **മാസം** | **പ്രവചിക്കപ്പെട്ട വില (രൂപ/1000 തേങ്ങയ്ക്ക്)** |
|---|---|
| മേയ് 2016 | 9000 - 10000 |
| ജൂൺ 2016 | 8500 - 9500 |
| ജൂലായ് 2016 | 8200 - 9200 |

**റിസർച്ച് ടീം**

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ